# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3510      15.07.2015-ൽ മറുപടിക്ക്

## കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ കോംപണന്റ് സെപ്പറേഷൻ യൂണിറ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ കോംപണന്റ് സെപ്പറേഷൻ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടോ ; | (എ) കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ കോംപണന്റ് സെപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ ആയത് സ്ഥാപിച്ചിട്ട് എത്ര വർഷമായി ; ഇത് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ ? | (ബി) കോംപണന്റ് സെപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിലേക്ക് ആവശ്യമായ ഉപകരണങ്ങളുടെ വിതരണം 2013 -ൽ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നൽകിയ ജനറേറ്റർ സ്ഥാപിച്ചു നൽകുന്നതിനുള്ള കാലതാമസം മൂലം കോംപണന്റ് സെപ്പറേഷൻ യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ സാധിച്ചിട്ടില്ല. ഉപകരണങ്ങൾ വിതരണം ചെയ്യുന്ന കമ്പനിക്ക് തന്നെയാണ് അവ സ്ഥാപിച്ചു നൽകേണ്ടതിന്റെ ഉത്തരവാദിത്വവും. |

സെക്ഷൻ ഓഫീസർ